Sri M. Ramappa: Sir, it is the policy of the Central Government which is responsible for this inflation. Will the State Government request the Central Government to compensate the loss to our Government regarding the payment of D.A.

ശ്രീ. പി. കെ. വാസുദേവൻ നായർ: അതൊന്നും പ്രായോഗികമായ കാര്യമല്ലെന്ന് ഇതിനുമുമ്പുള്ള അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ആ പ്രശ്നമൊക്കെ നമ്മൾതന്നെ മീറ്റ് ചെയ്തേ കഴിയൂ.

Sri M. Ramappa: It is reported that there is a proposal before the Central Government to sanction additional D.A. to their employees. Is there any such proposal before our Government now?

ശ്രീ. പി. കെ. വാസുദേവൻ നായർ: കേന്ദ്രഗവൺമെന്റ് വർദ്ധിച്ച ഡി.എ. കൊടുക്കാൻ തീരുമാനിക്കുമ്പോൾ ഇവിടെയും കൊടുക്കുകയാണ് നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആദ്യമായി കേന്ദ്ര ഡി.എ. നടപ്പാക്കിയ സംസ്ഥാനഗവൺമെന്റും കേരളഗവൺമെന്റാണ്. കേന്ദ്രത്തിൽ തീരുമാനിക്കുമ്പോൾ ഇവിടെയും തീരുമാനിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇൻഫ്ലേഷൻ പതിനഞ്ചു ശതമാനത്തിലധികം വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നു. ഗവൺമെന്റ് ശമ്പളം കിട്ടുന്നവർക്ക് കേന്ദ്ര ഡി.എ. കൊടുക്കുന്നതല്ലാതെ മറ്റാളുകൾക്ക് ന്യായമായ വിലയ്ക്ക് സാധനങ്ങൾ കിട്ടുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ? ചില സ്റ്റോറുകളും മറ്റും തുടങ്ങുന്നതായി പത്രത്തിൽ കണ്ടു. കേന്ദ്രത്തിലെ പ്രസ്താവനയും കണ്ടു. അവ തുടങ്ങുന്നതിനുള്ള നടപടിയായിട്ടുണ്ടോ? ഇല്ലെങ്കിൽ അടുത്തകാലത്തെങ്കിലും ആരംഭിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇവിടെ ഇപ്പോൾ കേരളഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത് ഒരു പരീക്ഷണത്തിൽ രണ്ട് കേരളാ സ്റ്റോർ തുറക്കുക എന്നതാണ്. ഏതാണ്ട് നൂറിലധികം സ്റ്റോറുകൾ ഇതിനകം തുടങ്ങിക്കഴിഞ്ഞിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എത്രയും വേഗം ഈ പരിപാടി നടപ്പിലാക്കണമെന്നാണ് ഗവൺമെന്റുദ്ദേശിക്കുന്നത്. ടോയ്ലറ്റ് സോപ്പുകൾ, വാഷിംഗ് സോപ്പുകൾ, കോഫി, ടീ, മാച്ചസ് ആൻഡ് നോട്ടുബുക്ക്സ്, മറ്റു നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയാണ് അവിടെ വിതരണം ചെയ്യുന്നത്. ഇതിനു കേന്ദ്രഗവൺമെന്റിന്റെ സഹായവും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ചോദ്യം നമ്പർ 7 ചോദിച്ചില്ല)

വെടിവെയ്പുകളും ലാത്തിച്ചാർജുകളും

*5 [8] ശ്രീ. കെ. അനിരുദ്ധൻ:

,, എൻ. വാസുദേവൻ പിള്ള:

,, എൻ. സുബ്രഹ്മണ്യ ഷേണായി:

,, ടി. കെ. അബ്ദു:

ഡോ. കെ. ജി. അടിയോടി:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പി. മംഗലത്തുമഠം:

,, ടി. എച്ച്. മുസ്തഫാ:

,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത്, പോലീസ് എത്ര ലാത്തിച്ചാർജുകൾ നടത്തിയിട്ടുണ്ട്;

(ബി) എവിടെയെല്ലാം;

(സി) എത്രയെണ്ണം അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്; ഏതെല്ലാം;

(ഡി) മുഖ്യമന്ത്രി ആഭ്യന്തരവകുപ്പു ഏറ്റെടുത്തതിനുശേഷം വെടിവയ്പുകളോ ലാത്തിച്ചാർജുകളോ ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാം?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 1979 ജനുവരി 1 മുതൽ 1979 സെപ്തംബർ 15 വരെ അഞ്ച് (5) ലാത്തിച്ചാർജുകൾ നടന്നിട്ടുണ്ട്.

(ബി) 1. 22-5-1979 കൊട്ടാരക്കര ടൗൺ (കൊല്ലം ജില്ല).

2. 29-6-1979 നെടുവത്തൂർകടവ്, കുളത്തൂപ്പുഴ (കൊല്ലം ജില്ല).

3. 25-7-1979 പൂനൂർ (കോഴിക്കോട് ജില്ല).

4. 8-8-1979 കൊടുങ്ങല്ലൂർ.

5. 10-8-1979 പാലക്കാട്.

(സി) മൂന്നെണ്ണത്തിന്. 22-5-1979-ൽ കൊട്ടാരക്കര ടൗണിൽ നടന്ന ലാത്തിച്ചാർജിനെപ്പറ്റിയും 8-8-1979-ൽ നടന്ന കൊടുങ്ങല്ലൂർ സംഭവത്തെപ്പറ്റിയും അന്വേഷണം നടത്താൻ ഗവൺമെൻറുത്തരവായിട്ടുണ്ട്.

(ഡി) ഉണ്ട്. 26-7-1979 മുതൽ 15-9-1979 വരെ ഒരു വെടിവയ്പും ഒരു ലാത്തിച്ചാർജും ഉണ്ടായിട്ടുണ്ട്.

(ഇ) 8-8-1979-ൽ കൊടുങ്ങല്ലൂരിൽ ലാത്തിച്ചാർജും വെടിവയ്പും നടക്കുകയുണ്ടായി. 10-8-1979-ൽ പാലക്കാട് ലാത്തിച്ചാർജും വെടിവയ്പും നടന്നു.

ശ്രീ. ജി. പി. മംഗലത്തുമഠം: അന്വേഷണ റിപ്പോർട്ടുകൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ നടപടിയെടുത്തിട്ടുണ്ടോ, അതേപ്പറ്റി ഒരു വിശദീകരണം സഭയ്ക്കു നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതെസംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കിട്ടിക്കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: അഞ്ച് ലാത്തിച്ചാർജ് നടന്നതിൽ മൂന്നെണ്ണത്തിനു മാത്രമേ അന്വേഷണക്കമ്മീഷനെ നിയമിച്ചിട്ടുള്ളു. ബാക്കി രണ്ടെണ്ണം നടക്കാനിടയായ കാരണങ്ങളെന്താണെന്നു പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: അന്വേഷണം നടത്താൻ മാത്രമുള്ള ഒരു സാഹചര്യം മറ്റു രണ്ടെണ്ണത്തിന് ഉണ്ടെന്നു തോന്നാത്തതുകൊണ്ടാണ് അവയ്ക്ക് അന്വേഷണം നടത്താതിരുന്നത്. അവയുടെ വിശദാംശങ്ങൾ ഇപ്പോൾ കൈവശമില്ല.

ശ്രീ. പി. സി. ജോസഫ്: കൊടുങ്ങല്ലൂരിൽ നടന്ന വെടിവയ്പിനും ലാത്തിച്ചാർജിനും ഉത്തരവാദികളായ പോലീസുദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുകയെങ്കിലും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ സംഘടിത വിദ്യാർത്ഥിവിഭാഗം നടത്തിയ സമരത്തെത്തുടർന്ന് ചർച്ച നടത്തിയതിനു ശേഷവും പോലീസുദ്യോഗസ്ഥൻമാരുടെ സമ്മർദ്ദത്തിനു വഴങ്ങി എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഒരു വിദ്യാർത്ഥി സൈക്കിളിൽ ഓവർലോഡ് പോയപ്പോൾ ഒരു കോൺസ്റ്റബിൾ മർദ്ദിച്ചതിനെത്തുടർന്നാണ് കൊടുങ്ങല്ലൂർ സംഭവമുണ്ടായത്. ആ പോലീസ് കോൺസ്റ്റബിളിനെ സസ്പെൻറുചെയ്തിട്ടുണ്ട്. മറ്റു സംഭവങ്ങളെ സംബന്ധിച്ചന്വേഷണം നടത്താൻ അന്വേഷണക്കമ്മീഷനുകളെ നിയമിച്ചുകഴിഞ്ഞു. അതുകൊണ്ട്, ഈ സന്ദർഭത്തിൽ അതിൻെറ കുറ്റക്കാരാരാണെന്ന കാര്യത്തിൽ ഒരു അഭിപ്രായപ്രകടനം നടത്തുന്നത് ഉചിതമായിരിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾക്കറിയാമല്ലോ. ജുഡീഷ്യൽ അന്വേഷണം തികച്ചും ന്യായമായിട്ടും നിഷ്പക്ഷമായിട്ടും സ്വതന്ത്രമായിട്ടും നടക്കണമെന്നുള്ള ഉദ്ദേശമാണ് ഗവൺമെൻറിനുള്ളത്. പ്രത്യേകിച്ചാരുടെയെങ്കിലും സമ്മർദ്ദത്തിനു വിധേയമായിട്ടുമല്ല പ്രേരണയുണ്ടായിട്ടുമല്ല, ന്യായമാണെന്നു തോന്നിയതുകൊണ്ടുമാത്രം ഈ സംഭവം നടക്കുമ്പോൾ ഉത്തരവാദിത്വം വഹിച്ചിരുന്ന ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: വളരെ നിസ്സാരമായ ഒരു സംഭവത്തിൻെറ അടിസ്ഥാനത്തിലാണ് കൊടുങ്ങല്ലൂർ സംഭവമുണ്ടായത് എന്നാണ് മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്നും പ്രസ്താവനകളിൽനിന്നും മറ്റും മനസ്സിലാക്കാൻ സാധിച്ചത്. ഈ രാജ്യത്തെ സാധാരണക്കാർ ഉപയോഗിക്കുന്ന സൈക്കിൾ വാഹനത്തിൽ മൂന്നും നാലും അഞ്ചും ആളുകൾ കയറിപ്പോകുന്ന സ്ഥലങ്ങളുണ്ട്. ഉദാഹരണത്തിന് വാരണാസി. പക്ഷേ നടുറോഡിലിട്ടു വരെ പോലീസുകാർ സൈക്കിൾ യാത്രക്കാരെ ഉപദ്രവിക്കുന്നുണ്ട്. അതുപോലെതന്നെ ഒരു ജംഗ്ഷനിൽവച്ച് ഒരിക്കൽ നാലഞ്ചു സൈക്കിൾ കാറ്റഴിച്ചുവിട്ടു. മേലിൽ ഇങ്ങനെയുള്ള സംഭവം ഉണ്ടാകാതിരിക്കാൻ പരിശ്രമിച്ചില്ലെങ്കിൽ ഏറണാകുളംപോലെയുള്ള പട്ടണങ്ങളിൽ തെരുവുയുദ്ധം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ടെന്നുള്ളതു പരിഗണിച്ച് ഇതുമാതിരിയുള്ള നിസ്സാര കാര്യങ്ങളിൽ ഇടപെടരുതെന്നു പോലീസിനു നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തീർച്ചയായും ഇക്കാര്യം ആലോചിക്കേണ്ടതും ആലോചിക്കാവുന്നതുമായ ഒരു പ്രശ്നമാണ്. സഞ്ചാരസൗകര്യത്തിനു വളരെ ബുദ്ധിമുട്ടുള്ള ഈ നാട്ടിൽ സൈക്കിളിൽ ഓവർലോഡ് ആകാമോ പാടില്ലയോ എന്നുള്ള പ്രശ്നത്തെപ്പറ്റി ഒരു പുനരാലോചന ആവശ്യമാണെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. പി. ബി. ആർ. പിള്ള: അഞ്ചു ലാത്തിച്ചാർജ് നടന്നതിൽ മൂന്നെണ്ണത്തിൻമേൽ അന്വേഷണക്കമ്മീഷനെവച്ചു എന്നും ബാക്കിയുള്ളതിൽ വച്ചില്ല എന്നും പറഞ്ഞു. അന്വേഷിക്കേണ്ട സാഹചര്യമില്ലെന്നു കാണ്ടേ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടി മുഖ്യമന്ത്രി മനസ്സിലാക്കിയതുകൊണ്ടാണോ അതോ ലാത്തിച്ചാർജ് അല്ല എന്ന് ഗവൺമെൻറ് അംഗീകരിച്ചതുകൊണ്ടാണോ അവയിൽ അന്വേഷണക്കമ്മീഷനെ നിയമിക്കാത്തത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇവയിലേയെല്ലാം ഗവൺമെൻറ് പ്രാഥമികമായ ഒരന്വേഷണം നടത്തിയതിനുശേഷം അതിൻറെ അടിസ്ഥാനത്തിലാണ് കൂടുതൽ അന്വേഷണം വേണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നത്. താങ്ങനെയുള്ള പ്രാഥമികമായ അന്വേഷണത്തിൻറെ അടിസ്ഥാനത്തിൽ ഇവയിൽ കൂടുതൽ അന്വേഷണം ആവശ്യമില്ല എന്നാണ് ബോദ്ധ്യമായത്.

ശ്രീ. കെ. കരുണാകരൻ: കൊടുങ്ങല്ലൂരിൽ കാലത്ത് വെടിവെയ്പ്, ഉച്ചക്ക് ലാത്തിച്ചാർജ് ഇതാണ് നടന്നത്. ഈ സംഭവത്തിൽ പരിക്കേറ്റ നിരപരാധികളായ ആളുകളുടെയും അതുപോലെ മരിച്ച ആളുകളുടെയും കുടുംബങ്ങൾക്ക് എന്തെങ്കിലും ആശ്വാസം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? വിശേഷിച്ച് അരി വാങ്ങാനും മറ്റും പോയ ധാരാളം നിരപരാധികളായ ആളുകൾക്ക് പരിക്കേറ്റിട്ടുണ്ട്; മർദ്ദനം ഏറ്റിട്ടുണ്ട്. അങ്ങനെയുള്ളവർക്ക് ആശ്വാസം നൽകാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ വെടിവയ്പിൽ മരണപ്പെട്ട ലത്തീഫിൻറെ കുടുംബത്തിന് ഗവൺമെൻറ് ഉടൻതന്നെ 5,000 രൂപയുടെ സഹായധനം നൽകാൻ തീരുമാനമെടുത്ത് ഉടൻതന്നെ ആ സഹായധനം നൽകുകയും ചെയ്തിട്ടുണ്ട്. പരിക്കേറ്റവർക്കെല്ലാം ആശുപത്രിയിൽ ചികിൽസക്കുള്ള സഹായം ചെയ്തുകൊടുത്തു എന്നുമാത്രമല്ല അതിനാവശ്യമായ എല്ലാ ചെലവുകളും ഗവൺമെൻറുതന്നെയാണ് നടത്തുകയും ചെയ്തിട്ടുള്ളത്.

ശ്രീ. കെ. കരുണാകരൻ: ആശുപത്രിയിൽ കിടക്കുന്നവരുടെ കുടുംബം പട്ടിണി കിടക്കാതിരിക്കാൻ എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സാധാരണ ഇങ്ങനെയുള്ള കാര്യങ്ങളിൽ ചെയ്യാൻ ബുദ്ധിമുട്ടുണ്ട്, ചെയ്യാറില്ല. ഇത്രയും കാര്യങ്ങളാണ് ഇതുപോലുള്ള സന്ദർഭത്തിൽ ചെയ്യാറുള്ളത്. അതിൽക്കവിഞ്ഞ് കുടുംബത്തെ നിലനിറുത്താനോ സഹായിക്കാനോ ഉള്ള നടപടികൾ ഇതുവരെ സ്വീകരിച്ചുകണ്ടിട്ടില്ല, ഈ കാര്യത്തിലും അങ്ങനെയൊരു നടപടി എടുത്തിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസീസ്: കൊടുങ്ങല്ലൂർ സംഭവത്തിൽ വെടിവയ്ക്കുന്നതിനുമുൻപ് വെടിവയ്ക്കാൻ പോകുന്നു എന്ന് എന്തെങ്കിലും നിർദ്ദേശം പോലീസ് കൊടുത്തിരുന്നോ? മാത്രമല്ല വെടിവയ്പിനുശേഷം വെടിയേറ്റവരെ ശുശ്രൂഷിക്കാൻ നിയുക്തരായ നേഴ്സുമാരേയും മറ്റുള്ളവരേയും പോലീസ് ആശുപത്രിയിൽ കയറി തല്ലുകയും അതും കഴിഞ്ഞ് നാലുമണിക്കൂറിനുശേഷം അടച്ചുപൂട്ടിയിട്ടിരുന്ന വീടുകൾ തള്ളിത്തുറപ്പിച്ച് വീടുകളിൽ കയറി പോലീസ് തല്ലുകയും കൂടാതെ കോൺഗ്രസ് കമ്മിറ്റി ആഫീസിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആഫീസിലും കയറി പോലീസ് ആളുകളെ തല്ലിച്ചതക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത സംഭവത്തെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുകയോ അതിനുത്തരവാദികളായ പോലീസുദ്യോഗസ്ഥൻമാർക്കെതിരായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ പറഞ്ഞ കാര്യങ്ങളെപ്പറ്റിയെല്ലാം സമഗ്രമായ ഒരു അന്വേഷണം നടത്താൻ ഒരു കമ്മീഷനെ വച്ചുകഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ അതേസംബന്ധിച്ച് സഭയിൽ ഒരു ചർച്ച നടത്തുന്നത് ഉചിതമായിരിക്കുകയില്ല.

വിദ്യാർത്ഥി സമരത്തോടനുബന്ധിച്ചു നടന്ന ലാത്തിച്ചാർജുകൾ

*6 [9] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് ഈ സ്ക്കൂൾവർഷത്തിൽ എത്ര ലാത്തിച്ചാർജുകൾ നടന്നിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): ഈ സ്ക്കൂൾ വർഷത്തിൽ വിദ്യാർത്ഥി സമരങ്ങളോടനുബന്ധിച്ച് പോലീസ് ലാത്തിച്ചാർജുകളൊന്നും നടത്തിയിട്ടില്ല.

ശ്രീ. വി. ജെ. ജോസഫ്: വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് പോലീസ് ലാത്തിച്ചാർജൊന്നും നടത്തിയിട്ടില്ലെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ, പോലീസുദ്യോഗസ്ഥൻമാരുടെ മൂക്കിനുതാഴെ വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് നടന്ന പ്രകടനത്തിനുനേരെ കുറെ ആളുകൾ ലാത്തിച്ചാർജു നടത്തുകയും അതിന്റെ ഫലമായി കുറേപേർക്ക് പരിക്കേൽക്കുകയും മറ്റും ചെയ്ത വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന്റെ ഫലമായി സെക്രട്ടേറിയറ്റു നടയിൽ സത്യാഗ്രഹം നടത്തിക്കൊണ്ടിരുന്ന ഒരു ബഹുമാനപ്പെട്ട മന്ത്രിയുടെ പുത്രൻതന്നെ എഴുന്നേറ്റ് ഓടേണ്ടിവന്ന ദുഃസ്ഥിതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇവിടെ പോലീസ് ലാത്തിച്ചാർജിനെപ്പറ്റിയാണു ചോദ്യം. മറ്റു ചില സംഭവങ്ങൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നടന്നിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർ വിവരിച്ചതുപോലെയാണോ എല്ലാം നടന്നിട്ടുള്ളതെന്നതിനെ സംബന്ധിച്ച് വിശദാംശങ്ങൾ എനിക്ക് അറിയുകയില്ല.

ശ്രീ. പി. സി. ജോസഫ്: വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് പോലീസിനെ ഇടപെടുത്തുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലവൻമാരുടെ അപേക്ഷപ്രകാരമല്ലാതെ പോലീസ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ളിൽ പ്രവേശിക്കരുതെന്ന കഴിഞ്ഞകാല ഗവൺമെന്റിന്റെ നയം തന്നെയാണോ ഈ ഗവൺമെന്റിനേറെയും നയം എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ; അതുതന്നെയാണ് ഗവൺമെന്റിന്റെ നയം.

LIBRARY ARCHIVES Kerala Legislative Assembly